**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2940** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യ വിപണന മേഖലയിലെ തൊഴിലാളികൾക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യ വിപണന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കായി ഏതെങ്കിലും തരത്തിലുള്ള സഹായ പദ്ധതികൾ നിലവിലുണ്ടോയെന്നും മത്സ്യത്തൊഴിലാളി എന്ന നിർവ്വചനത്തിൽ അവർ ഉൾപ്പെടുന്നുണ്ടോയെന്നും അറിയിക്കുമോ ; | (എ) | മത്സ്യമേഖലയിലെ മത്സ്യ അനുബന്ധ ത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് (ഭേദഗതി) 1999 പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വാർദ്ധക്യകാല പെൻഷൻ, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി, അനുബന്ധ ത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം, പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്, രോഗ ചികിൽസാ പദ്ധതി, അനുബന്ധ ത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി, കുടുംബ സംവിധാന പദ്ധതി, ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി, ബോർഡിന്റെ പ്രത്യേക ധനസഹായം, പ്രത്യേക പദ്ധതികളായ തണൽ പദ്ധതി, കോവിഡ്-19 പാൻഡമിക് അസിസ്റ്റൻസ്, തീരാരോഗ്യം പദ്ധതി. (2021-22) എന്നിവ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | മത്സ്യ വ്യാപാരത്തിൽ ഏർപ്പെടുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | മത്സ്യ വ്യാപാരത്തിൽ ഏർപ്പെടുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ നിലവിൽ ആവശ്യമില്ല എന്നാൽ കേരള മത്സ്യസംഭരണവും, വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പിൽ വരുന്നതോടെ മത്സ്യ വ്യാപാരവുമായി ബന്ധപ്പെട്ട സംഭരണം ഗതാഗത സൗകര്യം എന്നിവയ്ക്ക് പെർമിറ്റ് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ